അന്വേഷണം

ഡോ. കെ. ജി. അടിയോടി

തയ്യാറാക്കിയത്:
ലക്ഷ്മിരാജേഷ്

10

ശാസ്ത്രസാഹിത്യപരിഷത്ത്

1961. കണിയാൻകുന്ന് എന്ന ദേവഗിരി, കുളിരിലും കോടമഞ്ഞിലും അമരാൻ തുടങ്ങിയ ഒരു രാത്രി. ക്രിസ്മസ് വെക്കേഷൻ ആരംഭിക്കാൻ ഏതാനും ദിനരാത്രങ്ങൾ മാത്രം. തീയതി കൃത്യമായി ഓർമയില്ല. അന്ന് ഉറക്കം വന്നത് രാവേറെ ചെന്നിട്ടായിരുന്നു. അന്നായിട്ടല്ല. ആയിടയ്ക്ക് അങ്ങനെയായിരുന്നു മിക്കവാറും എല്ലാ ദിവസവും. പകൽ മുഴുവൻ ബുദ്ധിയും ശരീരവും കൈകോർത്ത് പ്രവർത്തനം. രാത്രികാലത്ത് എല്ലാം ശാന്തമാവുമ്പോൾ ശരീരത്തിന് പേരിന് കിടക്കയിൽ പാതി കൺപൂട്ടി, ഉള്ളുറക്കില്ലാത്ത വിശ്രമം. മനസ്സിൽ, അതിനു താങ്ങാവുന്നതിലേറെ ചിന്തകൾ, സമസ്യകൾ; ചങ്ങലയിൽ കണ്ണികളെന്നപോലെ ഒന്നോടൊന്നായി കോർത്ത ചോദ്യചിഹ്നങ്ങൾ. മരിച്ചുപോയ പകലിനെക്കുറിച്ച് വിസ്തരിച്ച ഒരു പുനർവിചിന്തനം; വരാൻപോകുന്ന പുലരികൾക്ക് വർണശോഭ നല്കുന്ന പുതിയ സ്വപ്നങ്ങൾ. രാത്രിക്ക് തൃപ്തി. കറുത്ത, വലിയ, തന്റെ ചെപ്പ് തുറന്ന് എനിക്ക് അവൾ സ്നേഹമുള്ള ഒരു മുത്തശ്ശിയെപ്പോലെ അക്കാലത്ത് നിത്യേനയെന്നോണം തന്നുകൊണ്ടിരുന്നത് പവിഴങ്ങൾ, മുത്തുകൾ, രത്നങ്ങൾ. അശ്രദ്ധകൊണ്ട് നഷ്ടപ്പെട്ടുപോകാതിരിക്കാൻ, ആവുന്നതും ഇരുട്ടത്തുതന്നെ എന്റെ ചെറിയ ചെപ്പുതുറന്ന് അക്ഷരരൂപത്തിലാക്കി അതിൽ ഞാൻ അവയെ ചൂടോടെ നിക്ഷേപിച്ചു. രാവിലെ ആവാം സൂക്ഷിക്കുന്നത് എന്ന് ഉദാസീനം കാട്ടി മാറ്റിവെച്ചവയിൽ പലതും കൈമോശം വന്നു.

ആ രാവിൽ എന്റെ ചിന്ത മലയാളശാസ്ത്രസാഹിത്യത്തിൽ എത്തിനിന്നു. ആർക്കും വേണ്ടാത്ത ഒരു ചരക്ക്. മൂന്നുവർഷം മുൻപ്, ഓണേഴ്സ് പരീക്ഷ കഴിഞ്ഞ്, ഒരു അനാഗതശ്മശ്രുവായി ഖദർ ജുബ്ബായിൽ പൊതിഞ്ഞ്, ഞാൻ നാട്ടിൽ തിരിച്ചെത്തുന്നത് ഞാൻ തന്നെ കണ്ടു. പയ്യന്നൂരിന് വടക്കുമാറി, അന്നൂരിലെ സഞ്ജയൻ സ്മാരക വായനശാലയും അവർ അതിന്റെ മുറ്റത്തെ പൂഴിമണ്ണിൽ സംഘടിപ്പിച്ച സിമ്പോസിയവും കണ്ടു. ആ സിമ്പോസിയത്തിൽ 'സാഹിത്യതുല്യം ശാസ്ത്രവും ചർച്ചാവിഷയം ആക്കണം' എന്ന് അല്പം അസഹിഷ്ണുതയോടെ, യുവത്വത്തിന്റെ ക്രോധത്തോടെ, ഞാൻ അലറുന്നത് ഞാൻതന്നെ വീണ്ടും കേട്ടു. ശ്രോതാക്കളിൽ ചിലർ തലകുലുക്കുന്നതും കൈയടിക്കുന്നതും കേട്ടു. 'മാതൃഭൂമി' ദിനപത്രം അതിന്റെ അകം പേജുകളിൽ ഒന്നിൽ അതൊരു തലക്കെട്ടായി പ്രസിദ്ധപ്പെടുത്തിയത് വീണ്ടും വീണ്ടും കണ്ടു.

ആലോചിച്ചു, കിടന്നുകൊണ്ടുതന്നെ. ശുദ്ധസാഹിത്യം ഹൃദയത്തിന് ഉത്തേജകൗഷധം, വിരേചകൗഷധം. ശാസ്ത്രസാഹിത്യം ബുദ്ധിക്ക്, സമൂഹവികസനത്തിന് ജീവൗഷധം. നമുക്ക് രണ്ടും വേണം. എന്തേ, എന്നിട്ടും ശുദ്ധ സാഹിത്യകാരൻ അമർത്തി ഏമ്പക്കം വിട്ടാൽ മാവോത്സെ തൂങ്ങിന്റെ പച്ചഭാഷയിൽ അധോവായു വിട്ടാൽ അത് കടലിലെ തിരമാലകളും ശാസ്ത്രസാഹിത്യകാരൻ അലറിയാൽപോലും വനത്തിലെ രോദനമാവുന്നതും? മലയാളത്തിൽ ശുദ്ധസാഹിത്യകാരന്മാർക്ക് ശക്തമായ ഒരു വേദിയുണ്ട്: സാഹിത്യപരിഷത്ത്. ശാസ്ത്രസാഹിത്യകാരന്മാർക്കോ? സമാനമായ എന്നല്ല, വേദിയേ ഇല്ല. അതുകൊണ്ടുതന്നെ അംഗീകാരവുമില്ല. ശ്രീനാരായണഗുരു പറഞ്ഞത് എന്താണ്? സംഘടിച്ചു ശക്തരാവുക. ഈ ബുദ്ധിയൊന്നും എന്തേ മലയാള ശാസ്ത്രസാഹിത്യകാരന്മാർക്ക് തോന്നാത്തത്? കേരളത്തിൽ ശാസ്ത്രസാഹിത്യകാരന്മാർ എണ്ണത്തിൽ അധികമില്ലാത്തതാവുമോ കാരണം? അതോ, പൂച്ചയ്ക്കു മണികെട്ടാൻ ആരെങ്കിലും മുൻപോട്ടു വരാത്തതോ? എണ്ണമല്ലല്ലോ കാര്യം. ഉള്ളവർക്ക് സംഘടിച്ചുകൂടേ? ശാസ്ത്രസാഹിത്യകാരന്മാർ പലരുടെയും പേരുകൾ മനസ്സിലൂടെ കടന്നുപോയി. ഡോ. കെ. ഭാസ്കരൻനായർ, ഡോ. കെ.കെ. നായർ, സി.പി. മേനോൻ, കെ.പി. വിജയകൃഷ്ണൻ, കോന്നിയൂർ നരേന്ദ്രനാഥ് തുടങ്ങിയ പലരും പലരും. പി.ടി.

പരിഷത്തിന്റെ ആദ്യകാല പ്രവർത്തകർ:
സി.കെ.ഡി. പണിക്കർ, എൻ.വി. കൃഷ്ണവാരിയർ,
എം.സി. നമ്പൂതിരിപ്പാട്

ഡോ. ഭാസ്കരൻനായർ

കോന്നിയൂർ നരേന്ദ്രനാഥ്

ലേഖകൻ

കെ.കെ.പി. മേനോൻ

ഭാസ്കരപ്പണിക്കർ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമായതുകൊണ്ട് സഹകരിക്കാൻ ഇടയില്ല. ഇല്ല, ഇവരിൽ ആരും സമയനഷ്ടവും പണനഷ്ടവും ചിലപ്പോൾ മാനനഷ്ടവും വരാവുന്ന ഈ വയ്യാവേലിക്ക് ഒറ്റയ്ക്ക് ഇറങ്ങിപ്പുറപ്പെടാൻ മുതിരുകയില്ല.

ഓർത്തു: മലയാള ശാസ്ത്രസാഹിത്യകാരന്മാരിൽ പലരും എന്റെ സുഹൃത്തുക്കൾ, പരിചയക്കാർ. ഇല്ല, സഹായസഹകരണങ്ങൾ വേണമെന്ന് അഭ്യർഥിച്ച് എഴുതിയാൽ വയ്യ എന്ന് അവരാരും എന്നോടു പറയാൻ ഇടയില്ല. ഇത്തരമൊരു സംരംഭത്തിന് പണം മുടക്കാൻ, പ്രത്യേകിച്ചും തുടക്കത്തിൽ പലർക്കും മടിയായിരിക്കും. അതുകൊണ്ട് സഹകരിക്കുന്നവർക്ക് വരാവുന്ന പണച്ചെല

പിറക്കുന്നു

വ്, സംഘടന ഒന്നു കാലുറയ്ക്കുന്നതുവരെ, പരമാവധി കുറയ്ക്കുക. ആ കാലയളവിൽ ചെലവിന് സംഭാവനകളും മറ്റ് മാർഗങ്ങളും ആശ്രയിക്കുക. എന്തുകൊണ്ട് എനിക്കുതന്നെ ഇത് സംഘടിപ്പിച്ചുകൂടാ? പെരളം എന്ന എന്റെ കൊച്ചു ഗ്രാമത്തിൽ, ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന കാലത്ത്, ഒരു കൊച്ചുകലാസമിതി അത്ര മോശമായല്ലാതെ സംഘടിപ്പിക്കാനും നടത്താനും എനിക്ക് കഴിഞ്ഞിരുന്നല്ലോ. ഇത് അതിന്റെ ഉമ്മിണി വലിയ പതിപ്പ്. ധൈര്യമായി മുൻപോട്ട്: എന്റെ മനസ്സ് മന്ത്രിച്ചു.

കിഴക്ക് രാവിലെ വെള്ളകീറിയപ്പോൾ, ശാന്തിനികേതനമെന്ന എന്റെ ദേവഗിരി കോളേജു വീട്ടിൽ, ഒരു രാത്രിയുടെ ഈറ്റുവേദനയ്ക്ക് ഇപ്പുറം ശാസ്ത്രസാഹിത്യപരിഷത്ത് ജനിച്ചുകഴിഞ്ഞിരുന്നു. വിവരം തല്ക്കാലം വീട്ടിൽ അമ്മയോടുമാത്രം പറഞ്ഞു. അമ്മയ്ക്ക് അവൻ ആദ്യത്തെ പേരക്കുട്ടി ആണല്ലോ.

ശാന്തിനികേതനത്തിൽ സ്വകാര്യമായി സംഭവിച്ച ഈ ജനനം ഇനി നാട്ടിൽ നാലാൾ അറിയണം. വിളിക്കാൻ ഇവന് ഇനി ഒരു പേരു വേണം. ഏതാനും ദിവസങ്ങൾക്കു ശേഷം ആദ്യം നേരിൽ കിട്ടിയത് സി.കെ.ഡി. എന്ന സി.കെ. ദാമോദരപണിക്കരെ. കേരളത്തിലെ സസ്യങ്ങളെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഏതാനും ലേഖനങ്ങൾ പ്രസിദ്ധീകരിച്ച വ്യക്തി. സ്ഥൂലിച്ച് പടർന്ന ശരീരപ്രകൃതി, ചുണ്ടിൽ സദാ പുഞ്ചിരി, വാക്കുകളിൽ കവിതയുടെ ഭംഗിയും ശൃംഗാരത്തിന്റെ മാധുര്യവും. ശാസ്ത്രസാഹിത്യകാരന്മാർക്ക് ഒരു സംഘടന ഉണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. സഹകരിക്കാമോ എന്നു ചോദിച്ചു. ''നൂറു ശതമാനവും'' എന്നായിരുന്നു മറുപടി. ആകാശവാണിയിൽ ചെന്ന് അന്ന് അവിടെ ഉദ്യോഗസ്ഥനായിരുന്ന കോന്നിയൂർ നരേന്ദ്രനാഥിനോടും ഇതേ ചോദ്യം ആവർത്തിച്ചു. ഡോ. കെ.കെ. നായരോടും 'കേരളത്തിലെ മത്സ്യങ്ങൾ' എന്ന ലേഖനപരമ്പരയിലൂടെ പ്രസിദ്ധനായ കെ.കെ.പി. മേനോനോടും ഈ കാര്യം എഴുതി ചോദിച്ചു. പൂർണ സഹകരണം എല്ലാവരും വാഗ്ദാനം ചെയ്തു.

ഒന്ന് ഉറപ്പായി: എന്റെ കുഞ്ഞ് അനാഥനാവുകയില്ല. ഇവന്റെ സ്വകാര്യജനനം പരസ്യമായി ആഘോഷിക്കാൻ, ഇവനൊരു പേരു വിളിക്കാൻ, ഒരു ചടങ്ങ് കോഴിക്കോട്ട് സംഘടിപ്പിക്കണം. കുഞ്ഞ് എന്റേതാണെങ്കിലും ഇവനെ കൂടുതൽ പേർക്ക് സ്വീകാര്യനാക്കണമെങ്കിൽ, ക്ഷണം എന്റേതുമാത്രമായി ചുരുക്കാതിരിക്കുകയാണ് ബുദ്ധി.

മലയാളത്തിൽ ശാസ്ത്ര സാഹിത്യകാരന്മാർ നേരിടുന്ന അസ്വീകാര്യത അടക്കമുള്ള പ്രശ്നങ്ങൾ വിവരിച്ച്, അവർക്ക് അവരുടേതായ ഒരു സംഘടന എന്തുകൊണ്ട് വേണം എന്നു വിശദീകരിച്ച്, സാമാന്യം ദീർഘമായൊരു ക്ഷണക്കത്ത് ഞാൻ തയ്യാറാക്കി. എന്റെ പേരിനുപുറമെ സി.കെ.ഡി., ഡോ. കെ.കെ. നായർ, കോന്നിയൂർ, കെ.കെ.പി. (അതോ സി.പി. മേനോനോ?) എന്നിവരുടെ പേരുകൾ കൂടി ക്ഷണിക്കുന്നവരായി വെച്ചു. ക്ഷണക്കത്ത് സ്റ്റെൻസിലിൽ എഴുതിയത് എന്റെ കൈപ്പടയിൽ. അത് സൈക്ലോസ്റ്റൈൽ ചെയ്തുതന്നത് ദേവഗിരി കോളേജ് ലൈബ്രേറിയൻ അഗസ്റ്റിൻ. ചടങ്ങിന്റെ സ്ഥലം:

കോഴിക്കോട് ഹോട്ടൽ ഇമ്പീരിയൽ. തീയതി: 1962 ഏപ്രിൽ 8.

കുട്ടിക്ക് അവിടെവെച്ച് പേരു കിട്ടി, അൽപ്പം പഴഞ്ചൻ: കേരള ശാസ്ത്രസാഹിത്യപരിഷത്ത്. സാഹിത്യപരിഷത്തിന് ബദലായി, ശാസ്ത്രസാഹിത്യകാരന്മാർക്കുള്ള സംഘമായതുകൊണ്ടാണ്, ശാസ്ത്രസാഹിത്യപരിഷത്ത് എന്ന



മുണ്ടശ്ശേരി പ്രസംഗിക്കുന്നു.
പി.ടി. ഭാസ്കരപ്പണിക്കർ സമീപം

കാൽപാടുകൾ

സി. അന്തപ്പായി (1863–1950)

1863ൽ കൊച്ചിയിലാണ് അന്തപ്പായി ജനിച്ചത്. ബി.എ. പാസായശേഷം വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗസ്ഥനായി. പിന്നീട് കൺസർവേറ്റർ, ആഫീസ് ശിരസ്തദാർ, സ്റ്റാമ്പ് സൂപ്രണ്ട്, സർക്കാർ അച്ചുകൂടം സൂപ്രണ്ട് എന്നീ പദവികളിൽ പ്രവർത്തിച്ചു.

ഗദ്യകാരൻ, നിരൂപകൻ എന്നീ നിലകളിലാണ് ഇദ്ദേഹത്തിന് പ്രശസ്തി. ധാരാളം ഉപന്യാസങ്ങളെഴുതിയിട്ടുണ്ട്. ചന്തുമേനോന്റെ ശാരദ എന്ന നോവലിന് രണ്ടാം ഭാഗമെഴുതിയതിൽ പ്രമുഖനാണ് അന്തപ്പായി. നാലുപേരിൽ ഒരുത്തൻ, സുമാർഗപ്രകാശിക, ധർമോപദേശിക, ഭാഷാനാടക പരിശോധന എന്നിവയാണ് മറ്റു പ്രധാനകൃതികൾ. ദേവീവിലാസം, മാലതീമാധവം, സുഭദ്രാർജുനം എന്നീ നാടകങ്ങളെ അധികരിച്ചുള്ള നിരൂപണങ്ങളാണ് നാടക പരിശോധന. ഈ കൃതിയെ മലയാളത്തിലെ ആദ്യത്തെ നാടകനിരൂപണ ഗ്രന്ഥമായി പരിഗണിക്കാം. സരളവും ഫലിതസമ്പുഷ്ടവുമാണ് ഇദ്ദേഹത്തിന്റെ ഗദ്യശൈലി. 1950ൽ സി. അന്തപ്പായി അന്തരിച്ചു.

സേതുമാധവൻ

പേര് സ്വീകരിച്ചത്. കേരളം എന്ന വാക്ക് മുൻപിൽ വേണം എന്നത് എന്റെ നിർബന്ധം. ഇംഗ്ലീഷിൽ 'സയൻസ് റൈറ്റേഴ്സ് ഫോറം ഓഫ് കേരള' എന്ന പേരും ഞങ്ങൾ സ്വീകരിച്ചു. ഭാസ്കരൻനായരെ, ഏറ്റവും പ്രശസ്തമായ സ്ഥാനമാനമുള്ള ശാസ്ത്രസാഹിത്യകാരൻ എന്ന നിലയിലും കൃഷ്ണവാരിയരെ ശാസ്ത്രസാഹിത്യ പ്രൊമോട്ടർ എന്ന നിലയിലും നിർവാഹകസമിതിയിൽ നമുക്ക് ഉൾപ്പെടുത്തണം എന്ന് കോന്നിയൂരും ഞാനുംകൂടി നേരത്തെ തീരുമാനിച്ചിരുന്നു. രണ്ടുപേരോടും കാര്യം സൂചിപ്പിക്കുകയും ചെയ്തിരുന്നു: ഭാസ്കരൻനായരെ അധ്യക്ഷനായി; കൃഷ്ണവാരിയരെ ഖജാൻജിയായി.

''പേര് വെക്കണമെങ്കിൽ വെച്ചോളൂ. ഒരു കണ്ടീഷനിൽ: ഇതിന്റെ ഭാവിപ്രവർത്തനത്തിലും എന്നെ വലിച്ച് ഇഴയ്ക്കരുത്. എനിക്ക് അതിന് സമയമോ താത്പര്യമോ ഇല്ല'' ഭാസ്കരൻനായർ, ഫോണിൽ.

''ഖജാൻജി ആക്കുന്നതു സമ്മതം തന്നെ. ഒരു കണ്ടീഷനിൽ: പണമിടപാടുകളൊക്കെ അടിയോടിതന്നെ ചെയ്താൽ മതി. പിന്നെ, പ്രവർത്തനം. അതിൽ കഴിയുന്നതുപോലെ തീർച്ചയായും സഹായിക്കാം'' –കൃഷ്ണവാരിയർ നേരിട്ട്.

സ്വരങ്ങൾ തമ്മിലുള്ള ഭേദം ശ്രദ്ധിച്ചു. ഒന്നിൽ അധികാരിയുടെ കർക്കശത്വം, മറ്റേതിൽ ഒരു ശുഭകാംക്ഷിയുടെ സന്മനസ്സ്, ഹൃദയനൈർമല്യം.

ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഔദ്യോഗികമായി കഴിഞ്ഞശേഷം കോഴിക്കോട് ബീച്ചിലെ സെൻട്രൽ ടെലിഗ്രാഫ് ഓഫീസിലേക്ക് കോന്നിയൂരും ഞാനും ചെന്നു. ഭാസ്കരൻനായരെ ഫോണിൽ തിരുവനന്തപുരത്തേക്ക് വിളിച്ച് പ്രസിഡൻറായി തിരഞ്ഞെടുത്ത വിവരം ഔപചാരികമായിത്തന്നെ അറിയിച്ചു, സമ്മതം ഉറപ്പിച്ചു. കോന്നിയൂർ വൈസ് പ്രസിഡണ്ട്, ഞാൻ സെക്രട്ടറി; പുറമെ ഏതാനും അംഗങ്ങൾ. ഇതായിരുന്നു നിർവാഹകസമിതിയുടെ ഘടന.

ഞാനും കോന്നിയൂരുംകൂടി ഒരു ഒത്തുതീർപ്പിൽ എത്തി. പ്രസിഡണ്ടിന്റെ ജോലി വൈസ് പ്രസിഡൻറുതന്നെ നിർവഹിക്കുക; ഖജാൻജിയുടെ ജോലി സെക്രട്ടറിയും. അമ്മയ്ക്ക് വീട്ടുജോലിയല്ലാതെ മറ്റു ജോലിയൊന്നും ഇല്ലല്ലോ. ഖജാൻജിയുടെ ജോലി അതുകൊണ്ട് ഞാൻ അമ്മയെ ഏല്പിച്ചു. ഇപ്പോൾ എൺപതു പിന്നിട്ട അമ്മ ഇന്നും അക്കാര്യം അഭിമാനപൂർവം ഓർക്കാറുണ്ട്. ഖജാൻജിക്ക് പരിഷത്തിനുവേണ്ടി പ്രത്യേക ഖജാനയൊന്നും ഏർപ്പെടുത്തേണ്ടിവന്നില്ല. പരിഷത്തിന് ആദ്യകാലത്ത് വരവ് കുറവും ചെലവ് വരവിനെക്കാൾ എത്രയോ കൂടുതലും ആയതുകൊണ്ട് എന്റെ ശമ്പളത്തിൽനിന്ന് വേണ്ടിയിരുന്നു അമ്മയ്ക്ക് വീട്ടിലെയും പരിഷത്തിന്റെയും നിത്യച്ചെലവുകൾ നിർവഹിക്കാൻ. ഫലം പരിഷത്തിന്റെ നിത്യച്ചെലവുകൾ എപ്പോഴും നടന്നു. വീട്ടിലേത് എത്രയോ തവണ മാറ്റിവെക്കേണ്ടിവന്നു.

അമ്മയോട് ഞാൻ പറഞ്ഞു: ''അവൻ വളരുന്ന പ്രായമാണ്. നമ്മുടെ ദാരിദ്ര്യം അവൻ അറിയണ്ട.''

പരിഷത്ത് രൂപവൽക്കരണകാലത്ത് കെ.കെ.പി. മേനോന് മംഗലാപുരത്ത് ആയിരുന്നു ജോലി. ഫിഷറീസ് വകുപ്പിൽ. ജോലിക്കാര്യത്തിലും ഭക്ഷണക്കാര്യത്തിലും ഒരുപോലെ മത്സ്യപ്രിയൻ. ചടച്ച, സ്പ്രിങ് പോലുള്ള, ഊർജസ്വലത തിളച്ചുമറിയുന്ന ഒരു ചെറുപ്പക്കാരൻ. സൗഹൃദം തിരയുന്ന വശ്യവും ഊഷ്മളവുമായ പുഞ്ചിരി, എപ്പോഴും ചുണ്ടത്ത്. നടക്കാൻ അറിയില്ല, ഓടാനേ അറിയൂ. 1958–59 കാലത്ത്, മംഗലാപുരത്തെ മലയാളി ക്ലബ്ബ് പരിസരത്തുവെച്ച് തുടങ്ങിയതായിരുന്നു, ഞങ്ങളുടെ പരിചയം.

ഏപ്രിൽ എട്ടാം തീയതിയിലെ ചടങ്ങിന് കെ.കെ.പി. കോഴിക്കോട്ടേക്ക് വന്നത് മംഗലാപുരത്തുനിന്നുതന്നെ ആയിരുന്നു. മധ്യവേനൽ അവധിയായതുകൊണ്ട് ഞാൻ ചെന്നത് പയ്യന്നൂരുനിന്നും. പരിപാടി കഴിഞ്ഞപ്പോൾ കുറച്ച് വൈകി. പുലർച്ചയ്ക്കുള്ള തീവണ്ടിയിൽ ഒന്നിച്ച് പോവാം എന്ന് ഞങ്ങൾ ഇരുവരും തീരുമാനിച്ചു. വണ്ടി വരാൻ ഏതാനും മണിക്കൂറുകൾ മാത്രം. റെയിൽവേസ്റ്റേഷനിൽ പ്ലാറ്റ്ഫോമിൽത്തന്നെ, തെക്കുഭാഗത്ത് ആൾശല്യം കുറഞ്ഞ ഒരു മൂലയിൽ, രാപ്പത്രം വാങ്ങി വിരിച്ച്, ബാഗ് തലയണയാക്കി നടുനിവർത്തി ഞങ്ങൾ ഇരുവരും കിടന്നു. കണ്ണിൽ, മേലെ, ഞങ്ങളോട് കണ്ണിറുക്കുന്ന നക്ഷത്രങ്ങൾ നിറഞ്ഞ, തെളിഞ്ഞ ആകാശം. മൂക്കിൽ, മലമൂത്രങ്ങളുടെയും ഉണക്കമത്സ്യത്തിന്റെയും തമിഴ്നാട്ടിൽനിന്ന് തുരുമ്പുപിടിച്ച ടിന്നുകളിൽ വന്ന കെട്ട തൈരിന്റെയും സംഘദുർഗന്ധം. കാതിൽ, ഉരുക്ക് ഉരുക്കിനോട് ഉരസുകയും ആഞ്ഞുമുട്ടുകയും ആവിയന്ത്രങ്ങൾ ഉറക്കെ കിതയ്ക്കുകയും ചീറ്റുകയും ചെയ്യുന്ന ശബ്ദം. അവിടെ, മനുഷ്യനെ കുത്തിക്കീറി ചോര കുടിക്കുന്ന കൊതുക്കളെ ആട്ടി കിടക്കുമ്പോൾ കെ.കെ.പി. എന്നോട് ചോദിച്ചു:

''ഇന്നത്തെ പരിപാടി ഭംഗിയായി, ഇല്ലേ?''

''ഭംഗിയായീന്ന് മാത്രം പറഞ്ഞാൽ പോരാ, വളരെ ഭംഗിയായി, കെ.കെ.പീ. പത്തുപതിനഞ്ചുപേർ കൈയിൽനിന്ന് പൈസ മുടക്കി ഇവിടംവരെ ഇതിന് വന്നില്ലേ? ഞാൻ ഇത്രയും പ്രതീക്ഷിച്ചില്ല.''

''ശാസ്ത്രം എഴുതുന്നവരെ മാത്രമല്ലേ, നമ്മൾ വിളിച്ചുള്ളൂ. അവര് അത്രയൊക്കെത്തന്നെയല്ലേ ഉണ്ടാവുള്ളൂ.''

''നമ്മുടെ പരിഷത്തിനെ സാഹിത്യപരിഷത്തിനെക്കാൾ വലിയൊരു സംഘടനയാക്കി നമുക്ക് വളർത്തണം, കെ.കെ.പീ.'' ഞാൻ എന്റെ മോഹം, എന്റെ സ്വപ്നം കെ.കെ.പി.ക്ക് കൈമാറി.

''എന്താ സംശയം? അവർക്ക് സാധിക്കുമെങ്കിൽ നമു

ക്കും സാധിക്കും'' കെ.കെ.പി.യുടെ വാക്കുകളിൽ ശു ഭപ്രതീക്ഷ

''പക്ഷേ'' അല്പം നിർത്തി അദ്ദേഹം പറഞ്ഞു.

''പക്ഷേ?''

സംഘടന വലുതാവുമ്പോൾ, അതിന് വരവും ആറ ബലവും കൂടുമ്പോൾ അന്തഃഛിദ്രവും കൂടും. അത് പി ടിച്ചെടുക്കാൻ ഇവിടെ ആരംക്കാരും പാർട്ടികളും ഒണ്ടാ വും. ഈ ഭാഗം ആലോചിച്ചിട്ടുണ്ടോ എന്നറിയില്ല.''

ഉണ്ണി പിറന്നിട്ടല്ലേ ഉള്ളു? അത്രയ്ക്കൊന്നും കടന്ന് ഒന്നി നെക്കുറിച്ചും ആലോചിക്കാൻ ഞാൻ ശീലിച്ചിട്ടില്ലല്ലോ.

മറുപടി ഒന്നും പറഞ്ഞില്ല. എറണാകുളത്തെ സാഹി ത്യപരിഷത്ത് നേരിടുന്ന അന്തഃഛിദ്രങ്ങളിലും കുതി കാൽവെട്ടുകളിലും തട്ടിനിൽക്കുകയാണ് കെ.കെ.പി. യുടെ മലയാളിമനസ്സ് എന്ന് തോന്നി.

''കുറെക്കാലം കഴിഞ്ഞാൽ പാടുപെട്ട് ഇത് ഉണ്ടാക്കി, ഈ പ്ലാറ്റ്ഫോമിൽ ഇങ്ങനെകൊതുകടിയുംകൊണ്ട് കിട ക്കുന്ന നമ്മളെ ആരും ഓർക്കുകയില്ല. അതിന് പുതിയ അവകാശികൾ വരും, പുതിയ തെളിവുകൾ വരും. എ ന്താ, വിശ്വാസം വരുന്നില്ലേ, നോക്കിക്കോളൂ.''

''അതെന്തോ ആവട്ടെ, കെ.കെ.പീ'' ഞാൻ സമാധാനി പ്പിച്ചു. അസംഘടിതർക്ക് ഒരു സംഘടന ഉണ്ടാവുക, അ ത് പ്രവർത്തിക്കുക, അതാണ് കാര്യം. പിന്നെ വ്യക്തി കൾ. അതത്ര പ്രധാനമാണ് എന്നൊന്നും തോ ന്നിയിട്ടില്ല.''

സി.കെ.ഡി.യും ഒരവസരത്തിൽ കെ. കെ.പി. പ്രവചിച്ച വിസ്മൃതിയുടെ കാര്യം സംഭാഷണമദ്ധ്യേ എടുത്തിട്ടു.

''എല്ലാം ഞാൻ എന്റെ ഡയറീല് കുറി ച്ചിട്ടിട്ടുണ്ട്, അടിയോടി. ഇത് ഉണ്ടാക്ക്യത് നമ്മളല്ലാ എന്നു പറയാൻ ഇനി ആളുകള് കാ ണും. അതുകൊണ്ടാ, ഞാൻ ഇതൊക്കെ കുറി ച്ചിടുന്നത്.''

സി.കെ.ഡി. ഇന്നില്ല. ചേന്ദമംഗലത്തെ അദ്ദേഹത്തിന്റെ വസതിയിൽ ആ ഡയറി ഇ ന്നും ഉണ്ടാവുമോ? അറിയില്ല.

വിസ്മൃതി. അത് കെ.കെ.പി.യും സി. കെ.ഡി.യും ഭയപ്പെട്ടതുപോലെ പിൽക്കാ ലത്ത് സംഭവിച്ചു. വിസ്മൃതിയോ തിരുത്തിയെഴുത്തോ? ഈ കഴിഞ്ഞ നാല് ദശകക്കാലത്ത്, കേരള ശാസ്ത്രസാഹി ത്യപരിഷത്തിന്റെ സ്ഥാപനത്തെപ്പറ്റി, മുഖ്യസ്ഥാപക നെപ്പറ്റി, മറ്റു സ്ഥാപകരെപ്പറ്റി, പല പുതിയ കണ്ടെത്ത ലുകളും വ്യാഖ്യാനങ്ങളും കണ്ടു, കേട്ടു. കേരള ശാസ്ത്രസാ ഹിത്യ പരിഷത്ത് 1958-ലോ മറ്റോ ഒറ്റപ്പാലത്ത് ഉണ്ടായ ശാസ്ത്രസാഹിത്യ സമിതിയുടെ തുടർച്ചയാണെന്ന് പരി ഷത്ത് തന്നെ പ്രസിദ്ധീകരിച്ചു വിറ്റ ഒരു ഡയറിയിൽ, ഉദാഹരണത്തിന്, കണ്ടു. പരിഷത്ത് സ്ഥാപിച്ചത് പി.ടി. ഭാസ്കരപ്പണിക്കർ ആണെന്നും അല്ല, ഡോ. എം. പി. പരമേശ്വരനും എ. അച്യുതൻ, കെ.വി. ദാമോദരൻ തുടങ്ങിയ സഖാക്കളും ചേർന്നാണെന്നും എഴുതിപ്പിടി പ്പിച്ചതു കണ്ടു. നിറംപിടിപ്പിച്ച എത്രയെത്ര നുണകൾ! പലതും ചുവപ്പിൽ പൊതിഞ്ഞവ; കൊടി വെച്ചവ. പരി ഷത്തിന്റെ വളർച്ചയ്ക്കും (ഒരുപക്ഷേ, തളർച്ചയ്ക്കും) നിർ ണായകമായ സംഭാവനകൾ ഇവർ നല്കി എന്നത് സത്യം. പക്ഷേ, ഇവരാരും പരിഷത്തിന്റെ സ്ഥാപകർ ആയിരു ന്നില്ല.

പരിഷത്തിന്റെ ഉദ്ഘാടനം 1962 സപ്തംബർ 10ന് ദേ വഗിരി കോളേജിൽ വെച്ച്. ദിവസങ്ങൾ നീണ്ടുനിന്ന വി പുലമായ ഒരു ശാസ്ത്രപ്രദർശനം; ശാസ്ത്ര സിമ്പോസിയം. ഉദ്ഘാടനം നടത്തേണ്ടിയിരുന്നത് കേന്ദ്രമന്ത്രി ഹുമ യൂൺ കബീർ. നടത്തിയത് പക്ഷേ, ദേവഗിരി കോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ തിയോഡോഷ്യസ്. ഹുമ യൂൺ കബീർ കോഴിക്കോട്ട് എത്താത്തതുകൊണ്ടല്ല, അ ന്നത്തെ കോഴിക്കോട് കലക്ടർ മലയാറ്റൂർ രാമകൃഷ്ണന് ദേവ ഗിരി കോളേജിൽവെച്ച് അത് നടത്തുന്നതിനോടുള്ള എ തിർപ്പായിരുന്നു കാരണം.

ലക്ഷ്മിപിള്ളയാതിരി അമ്മ

''അങ്കെ കട്ടായമാ നടത്തമുടിയാത്.'' അദ്ദേഹത്തെ ക്യാമ്പാപ്പീസിൽ ചെന്നു കണ്ട എന്നോടും, അദ്ദേഹത്തി ന്റെ ഗുരുനാഥനും അക്കാലത്ത് ദേവഗിരിയിൽ അധ്യാ പകനുമായിരുന്ന അനന്തരാമനോടും രാമകൃഷ്ണൻ, കത്തി യെരിയുന്ന സിഗരറ്റ് ചുണ്ടിന്റെ ഒരു കോണിലേക്കു മാ റ്റി തറപ്പിച്ചു പറഞ്ഞു. ''അവള ദൂരം മിനിസ്റ്റർക്ക് പോ ലീസ് എസ്കോർട്ട് കൊടുക്കറുത്ക്ക്, എങ്കിട്ടെ പോ ലീസ് കെടയാത്.''

എന്താ, ഓരോ മുഴത്തിനും പോലീസുകാരനെ, വടി വിഴുങ്ങിയപോലെ, തോക്കും എടുത്തു നിർത്തണോ? ചോദിക്കണമെന്നു തോന്നി. ആവശ്യക്കാരൻ ഞാനാണ ല്ലോ. ചൊടിപ്പിക്കേണ്ട. ചോദിച്ചില്ല.

ശിഷ്യന്റെ അധികാരക്കസേരയ്ക്കു മുൻപിൽ ചൂളി നി ല്ക്കുന്ന ഗുരുവെ ഞാൻ കണ്ടു. ഗുരുവെ ചൂളിച്ചു നിർ ത്താൻ കഴിഞ്ഞതിൽ അകമേ സന്തോഷിക്കുന്ന ശി ഷ്യനെയും കണ്ടു.

''അങ്കെ ഫംഗ്ഷനുക്ക് പ്രിപ്പറേഷൻസെല്ലാം രൊമ്പ പ്രമാദമാ പണ്ണിയിരിക്ക്. മിസ്റ്റർ രാമകൃഷ്ണൻ എവരിതി ങ് ഓൺ എ ഗ്രാൻറ് സ്കേൽ. ഇനോഗറേഷൻ പൺറത് മ ന്ത്രി താൻ വേണം എന്ന് അങ്കെ എല്ലോർക്കും ആശൈ. എ നക്കും.'' അനന്തരാമൻ തന്റെ ദയാഹർജി ജി ല്ലാ ഭരണാധികാരി മുൻപാകെ സമർപ്പിച്ചു.

കലക്ടർ കുലുങ്ങിയില്ല.

''മുടിയാത്, മുടിയാത്. ഇനോഗറേഷൻ അങ്കെ കണ്ടക്റ്റ് പണ്ണ മുടിയാത്. ക്യാൻ യു ഹോൾഡ് ഇറ്റ് ഇൻ ടൗൺഹാൾ? ഐ ക്യാൻ മേക്ക് ദ അറേഞ്ച്മെൻറ്സ്.''

അനന്തരാമൻ മറുപടിക്ക് എന്റെ മുഖ ത്തേക്ക് നോക്കി.

ദേവഗിരി കോളേജ് മാനേജുമെൻറ് ഈ ച ടങ്ങ് അവിടെ സംഘടിപ്പിക്കാൻ സമ്മതിച്ച തുതന്നെ, കേന്ദ്രമന്ത്രി കോളേജിലെത്തും എ ന്ന് ഉദ്ദേശിച്ചാണല്ലോ. ഉദ്ഘാടനത്തിന്റെ പകിട്ട് കൊണ്ടുപോകാൻ ടൗൺഹാൾ, പ്രദർ ശനത്തിന്റെ ഭാരം പേറാൻ കോളേജ്. ദേവ ഗിരി കോളേജിലെ അച്ചന്മാർക്ക് അത് ഒരു സംഗതിവ ശാലും സ്വീകാര്യമാവാൻ ഇടയില്ല.

''അതു ശരിയാവില്ല.'' ഞാൻ തറപ്പിച്ചു പറഞ്ഞു. മ ന്ത്രി ദേവഗിരി കോളേജിൽ വന്ന് ഉദ്ഘാടനം നടത്താം എ ന്ന് എനിക്ക് എഴുതി ഒപ്പിട്ടയച്ചതാണല്ലോ. കൺഫേം ചെയ്തതുമാണ്. അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ട ത് ഞങ്ങളല്ലല്ലോ, ജില്ലാഭരണകൂടമല്ലേ?'' എനിക്ക് അ ല്പം ദേഷ്യം വന്നുവോ?

''ഐ ടോൾഡ് യു, ഡിഡ്ൻറ് ഐ, ഇറ്റീസ് നോട്ട് പോസിബിൾ.'' രാമകൃഷ്ണന്റെ മുഖം ചുവന്നു. സ്വര ത്തിൽ കാർക്കശ്യം, ശുണ്ഠി.

''താങ്ക് യു, മിസ്റ്റർ രാമകൃഷ്ണൻ. ഫാമിലിയോട് അവ് രെ കൂപ്പിട്ടതാ ശൊല്ലുങ്കേ.'' കാര്യം പന്തിയല്ലെന്നു കണ്ട് അനന്തരാമൻ വലിഞ്ഞു. പോകുമ്പോൾ അദ്ദേഹം എന്നെ യും അദ്ദേഹത്തോടൊപ്പം പുറത്തേക്ക് വലിച്ചു കൊണ്ടു പോയി.

മനസ്സിൽ തോന്നി, പറഞ്ഞില്ല, ''അല്പൻ, ശുംഭൻ.'' കൂടുതൽ പരുഷമായ തമിഴ് വാക്കുകൾ തേട്ടിവന്നതാവ ണം, അനന്തരാമൻ വിഴുങ്ങുന്നതു കണ്ടു. സ്വാമിയെ നേരിടാൻ സ്വാമിയാവും ഭേദം എന്നു കരുതിയതു തെറ്റി. പടിയിറങ്ങി. ഗെയ്റ്റ് അടുക്കാറായപ്പോൾ അനന്തരാമൻ എന്റെ ചെവിയിൽ മന്ത്രിച്ചു: ''ഹി ഈസ് ഡിസ്ട്രിക്റ്റ് കലക്ടർ. ഡിസ്ട്രിക്റ്റ് കലക്ടർ ഡിസ്ട്രിക്റ്റ് മജിസ്ട്രേ ട്ടും കൂടിയാ. നമ്മളെ വേണെങ്കില് രാമകൃഷ്ണന് അറസ്റ്റു ചെയ്യാം.''

(തുടരും)